# സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

**ജവഹർ സഹകരണ ഭവൻ ,ഡി.പി.ഐ ജംഗ്ഷൻ**
**തൈക്കാട് പി.ഒ. വഴുതക്കാട് ,തിരുവനന്തപുരം 695 014**

ഫോൺ :0471-2468690,2468670

വിജ്ഞാപനം: 10/2026

വിജ്ഞാപന തിയ്യതി: 05-03-2026 അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 04-04-2026

താഴെപ്പറയുന്ന സഹകരണ സംഘം/ ബാങ്കുകളിൽ ഒഴിവുള്ള തസ്തികകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**നിയമന രീതി:** നേരിട്ടുള്ള നിയമനം. പരീക്ഷാബോർഡ് നടത്തുന്ന ഒ.എം.ആർ പരീക്ഷയുടെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ പരീക്ഷ ബോർഡ് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം.

**നിയമന അധികാരി :** ബന്ധപ്പെട്ട സഹകരണ സംഘം / ബാങ്കുകൾ

**അപേക്ഷ സമർപ്പിക്കൽ:** ഒറ്റത്തവണ രെജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രെജിസ്ട്രേഷൻ പൂർത്തിയാക്കിയതിനു ശേഷവും, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി പരീക്ഷ ബോർഡിൻറെ വെബ്സൈറ്റിലൂടെ (www.cseb.kerala.gov.in) അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ: 10/2026 ( ജൂനിയർ ക്ലാർക്ക് – സൂപ്പർ ഗ്രേഡ് ബാങ്കുകൾ )

**വിദ്യാഭ്യാസ യോഗ്യത :**

ജൂനിയർ ക്ലാർക്ക്/കാഷ്യർ വിദ്യാഭ്യാസ യോഗ്യത: R.186(1)(ii) സഹകരണ നിയമത്തിന് വിധേയം. എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യതയും, സബോർഡിനേറ്റ് പേഴ്സണൽ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ് (ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ) അടിസ്ഥാന യോഗ്യതയായിരിക്കും. കാസറഗോഡ് ജില്ലയിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത ജില്ലയിലെ സഹകരണ സംഘം/ബാങ്കുകളിലെ നിയമനത്തിന് കർണ്ണാടക സംസ്ഥാന സഹകരണ ഫെഡറേഷൻ നടത്തുന്ന ജി.ഡി.സി/ഡി.സി.എം, കേരള സംസ്ഥാന സഹകരണ യൂണി യൻ നടത്തുന്ന ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (ജെ.ഡി.സി) തുല്യമായ അടിസ്ഥാന യോഗ്യതയായിരിക്കും. കൂടാതെ സഹകരണം ഐച്ഛിക വിഷയമായി എടുത്ത് ബി.കോം ബിരുദം, അല്ലെങ്കിൽ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദവും, സഹകരണ ഹയർ ഡിപ്ലോമ (കേരള സംസ്ഥാന സഹകരണ യൂണിയന്റെ എച്ച്.ഡി.സി അല്ലെ ങ്കിൽ എച്ച്.ഡി.സി. ആന്റ് ബി.എം, അല്ലെങ്കിൽ നാഷണൽ കൗൺസിൽ ഫോർ കോ- ഓപ്പറേ റ്റീവ് ട്രെയിനിംഗിന്റെ (ഒരു വർഷത്തെ റെഗുലർ കോഴ്സ്) എച്ച്.ഡി.സി. അല്ലെങ്കിൽ എച്ച്.ഡി.സി.എം) അല്ലെങ്കിൽ കേരള കാർഷിക സർവ്വകലാശാല യുടെ ബി.എസ്.സി (സഹകരണം & ബാങ്കിംഗ്) ഉള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ഒഴിവുകളുടെ എണ്ണം & ശമ്പള സ്കെയിൽ |
|---|---|---|
| 1 | ചെന്നിത്തല ത്രിപ്പെരുന്തുര എസ് സി ബി3553,<br>ആലപ്പുഴ,Pin:690105<br>Phone:04792325083 | ജൂനിയർ ക്ലാർക്ക്- 4<br>(ജനറൽ)<br>Rs:18300 – 46830 (Scale of Pay) |
| 2 | കോട്ടയം ജില്ലാ പോലീസ് സഹകരണ സംഘം ക്ലിപ്തം K 834,<br>കോട്ടയം,Pin:686002<br>Phone:04812302005 | ജൂനിയർ ക്ലാർക്ക്- 1<br>(ജനറൽ)<br>Rs:18300 – 46830 (Scale of Pay) |
| 3 | പള്ളുരുത്തി മണ്ഡലം എസ് സി ബി65,<br>എറണാകുളം,Pin:682006<br>Phone:04842231904 | ജൂനിയർ ക്ലാർക്ക്- 4<br>എസ്സ്.സി / എസ്സ്.റ്റി :1<br>ജനറൽ:3<br>Rs:18300 – 46830 (Scale of Pay) |

| | | |
|---|---|---|
| 4 | അലനല്ലൂർ സർവീസ് സഹകരണ ബാങ്ക്F 1178,<br>പാലക്കാട്,Pin:678601<br>Phone:04924262427 | ജൂനിയർ ക്ലാർക്ക്- 4<br>എസ്സ് .സി / എസ്സ്.റ്റി :1<br>ജനറൽ:3<br>Rs:18300 - 46830 (Scale of Pay) |
| 5 | മക്കരപറമ്പ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തംP576,<br>മക്കരപറമ്പ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം ,<br>മലപ്പുറം,Pin:676507<br>Phone:04933282024 | ജൂനിയർ ക്ലാർക്ക്- 1<br>(ജനറൽ)<br>Rs:18300 - 46830 (Scale of Pay) |
| 6 | വളവന്നൂർ സർവ്വീസ് സഹകരണ ബാങ്ക്D-1959,<br>വളവന്നൂർ സർവ്വീസ് സഹകരണ ബാങ്ക്,<br>മലപ്പുറം,Pin:676551<br>Phone:04942549555 | ജൂനിയർ ക്ലാർക്ക്- 1<br>(ജനറൽ)<br>Rs:18300 - 46830 (Scale of Pay) |
| 7 | പയ്യന്നൂര് സഹകരണ റൂറല് ബേങ്ക്F.1234,<br>കണ്ണൂർ,Pin:670307<br>Phone:04985202662 | ജൂനിയർ ക്ലാർക്ക്- 2<br>(ജനറൽ)<br>Rs:18300 - 46830 (Scale of Pay) |
| 8 | കോട്ടച്ചേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തംLL. 156,<br>കാസർഗോഡ്,Pin:671315<br>Phone:04672201516 | ജൂനിയർ ക്ലാർക്ക്- 4<br>എസ്സ് .സി / എസ്സ്.റ്റി :2<br>ജനറൽ:2<br>Rs:18300 - 46830 (Scale of Pay) |

1 പ്രായപരിധി 1/1/2026 ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 (നാൽപ്പത്) വയസ്സ് കഴിയാൻ പാടില്ലാത്തതുമാകുന്നു. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചുവർഷത്തെ ഇളവ് അനുവദിക്കുന്നതാണ്. മറ്റ് പിന്നോക്കവിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും വിമുക്ത ഭടന്മാർക്കും പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങൾക്കും (EWS) മൂന്നു വർഷത്തെ ഇളവും, ഭിന്നശേഷിക്കാർക്ക് (40% ശതമാനമോ അതിൽ കൂടുതലോ ഉള്ളവർക്ക് ) പത്ത് വർഷത്തെ ഇളവും, വിധവകൾക്ക് അഞ്ച് വർഷത്തെ ഇളവും ലഭിക്കുന്നതാണ്.

2 സഹകരണ സർവീസ് പരീക്ഷാ ബോർഡ് നടത്തുന്ന പരീക്ഷയിൽ 1 മാർക്കിന്റെ 100 ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു സംഘം / ബാങ്കിന്റെ യോഗ്യത ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥിയ്ക്ക് അഭിമുഖത്തിന് പരമാവധി 20 മാർക്കാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിൽ അഭിമുഖത്തിന് ഹാജരായാൽ മിനിമം 4 മാർക്ക് ലഭിക്കുന്നതാണ് . ബാക്കി 16 മാർക്ക് അഭിമുഖത്തിന്റെ പ്രകടനത്തിനുമാണ്.

3 ഉദ്യോഗാർത്ഥികൾ പരീക്ഷ ഫീസിനോടൊപ്പം സർക്കാരിന്റെ 13/08/2024 ലെ സ.ഉ.(കൈ).നം.17/2024/സഹ ഉത്തരവ് പ്രകാരമുള്ള 18% GST കൂടി അടക്കേണ്ടതാണ്.

4 ഉദ്യോഗാർത്ഥികൾക്ക് ഒന്നിൽ കൂടുതൽ സംഘം / ബാങ്കുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. പൊതു വിഭാഗക്കാർക്കും , വയസ്സ് ഇളവ് ലഭിക്കുന്നവർ ഉൾപ്പടെ ഉള്ളവർക്കും ( സഹകരണ ചട്ടം 183(1) പ്രകാരം ഒരു സംഘം / ബാങ്കിന് 150 രൂപയും , തുടർന്നുള്ള ഓരോ സംഘം /ബാങ്കിനും 50 രൂപ വീതവും അധികമായി പരീക്ഷാ ഫീസായി അടയ്ക്കണം. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന് അപേക്ഷയിലെ സംഘം / ബാങ്കിന് 50 രൂപയും തുടർന്നുള്ള ഓരോ സംഘം / ബാങ്കിനും 50 രൂപ വീതവും അധികമായി പരീക്ഷാ ഫീസായി അടയ്ക്കണം.ഉദ്യോഗാർത്ഥികൾ സഹകരണ സർവീസ് പരീക്ഷ ബോർഡിൻറെ വെബ്സൈറ്റ് (www.keralacseb.kerala.gov.in) പരിശോധിച്ച് വിജ്ഞാപനം വായിച്ചുനോക്കിയതിനു ശേഷം ഓൺലൈൻ അപേക്ഷ സമർപ്പിക്കുക. തപാൽ മുഖേന അയക്കുന്ന അപേക്ഷ സ്വീകരിക്കുന്നതല്ല.

5 ഉദ്യോഗാർത്ഥികൾ ഓൺലൈൻ ആയി വിജ്ഞാപനപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ My Application ൽ നിന്നും അപേക്ഷ Print എടുത്തു സൂക്ഷിക്കേണ്ടതാണ്.

6 അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതിയ്ക്കു മുൻപായി നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

7 ഭിന്നശേഷി നിയമനങ്ങളിൽ സഹകരണ സംഘം രജിസ്ട്രാറുടെ 08/01/2025 ലെ 2/2025 നമ്പർ സർക്കുലറിന് വിധേയമായിരിക്കും.

8 അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി: 04-04-2026

സഹകരണ സർവീസ് പരീക്ഷാ ബോർഡിനു വേണ്ടി ,

**ഷീജ കെ**

സെക്രട്ടറി

സഹകരണ സർവീസ് പരീക്ഷാ ബോർഡ്

തിരുവനന്തപുരം

സ്ഥലം : തിരുവനന്തപുരം

തീയതി : **05-03-2026**